File No.GEDN-J3/120/2019-G.EDN

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതു വിദ്യാഭ്യാസ വകുപ്പ് - സർക്കാർ സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക അധ്യാപക നിയമനം നടത്തുന്നത് – മാർഗ്ഗ നിർദേശങ്ങൾ പുറപ്പെടുവിച്ച് - ഉത്തരവാകുന്നു

പൊതു വിദ്യാഭ്യാസ (ജെ) വകുപ്പ്

G.O.(Rt.)No.2105/2019/GEDN തീയതി,തിരുവനന്തപുരം, 03/06/2019

പരാമർശം:- 1 18.05.18 ലെ സ.ഉ.(സാധാ)നമ്പർ.1840/18/പൊ.വി.വ

2 04.05.18 ലെ എച്ച്2/21500 (1)/2018/ഡി.പി.ഐ നമ്പർ കത്ത്

ഉത്തരവ്

2018-19 അദ്ധ്യയന വർഷം സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ 30 ദിവസത്തിലധികം ദൈർഘ്യമുള്ള ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക അധ്യാപകരെ നിയമിക്കാൻ പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നു. പരാമർശം (2) പ്രകാരം 2019-2020 അദ്ധ്യയന വർഷത്തിലേയ്ക്കും ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക അധ്യാപകരെ നിയമിക്കാനുള്ള മാർഗ്ഗ നിർദേശങ്ങൾ പുറപ്പെടുവിക്കണമെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ചുവടെ പരാമർശിച്ചിരിക്കുന്ന നിബന്ധനകൾ പാലിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ, സർക്കാർ സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക അധ്യാപകരെ 2019-2020 അദ്ധ്യയന വർഷത്തിലും തുടർന്നുള്ള അദ്ധ്യയന വർഷങ്ങളിലും നിയമിക്കാനുള്ള അനുവാദം നൽകി ഉത്തരവാകുന്നു:-

(എ). അതത് കാലത്ത് നിലവിലിരിക്കുന്ന തസ്തിക നിർണയ ഉത്തരവ് പ്രകാരം ഏതെങ്കിലും കാറ്റഗറിയിൽ അദ്ധ്യാപകർ അധികമെന്നു കണ്ടെത്തിയ സ്കൂളുകളിൽ അവർ തുടരുന്നുവെങ്കിൽ പ്രസ്തുത കാറ്റഗറിയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തരുത് . അധികമായി കണ്ടെത്തിയ അദ്ധ്യാപകരെയെല്ലാം നിലവിലുള്ള ഒഴിവുകളിലേക്ക് സ്ഥലംമാറ്റി ക്രമീകരിച്ചിരിക്കണം. തസ്തിക നിർണയം കഴിഞ്ഞാൽ ഒഴിവുകൾ സത്വരം പി . എസ് . സി ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ് .

(ബി). 14-8-2002 ലെ ജി.ഒ( പി )നം.249/2002/ പൊവിവ 20-12-2004 ലെ ജി.ഒ( പി )നം . 382/2004/ പൊവിവ , 21-7-2018- ലെ ജി.ഒ ( പി )നം.112/2018/ ധന തുടങ്ങിയ ഉത്തരവുകളിലൂടെ സർക്കാർ ഈ വിഷയത്തിൽ പുറപ്പെടുവിച്ച മാനദണ്ഡങ്ങൾ കർശനമായും പാലിച്ചിരിക്കണം .

(സി). പി . എസ് . സി റാങ്ക് ലിസ്റ്റ് / ഷോർട്ട് ലിസ്റ്റ് നിലനിൽക്കുന്ന ജില്ലകളിൽ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ അപേക്ഷകരായിട്ടുണ്ടെങ്കിൽ അത്തരം ഉദ്യോഗാർത്ഥികളെ

ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്. എന്നാൽ പ്രസ്തുത അദ്ധ്യാപകന്റെ സേവന വ്യവസ്ഥകൾ യാതൊന്നും തന്നെ ഭാവിയിൽ ടിയാൾക്ക് പി.എസ്. സി മുഖേനയുള്ള സ്ഥിരനിയമനം ലഭിക്കുകയാണെങ്കിൽ യാതൊരാനുകൂല്യങ്ങൾക്കും കണക്കാക്കുന്നതല്ല. എൽ. പി.എസ്. റ്റി , യു.പി.എസ്.റ്റി തുടങ്ങിയ നിരവധി അദ്ധ്യാപക തസ്തിക കളിൽ ഇപ്പോൾ പി.എസ്.സി ഉദ്യോഗാർത്ഥികൾക്ക് നിയമന ശുപാർശ നൽകിക്കഴിഞ്ഞതിനാൽ അത്തരം തസ്തികകളിൽ 2019 ജൂൺ. മാസത്തിൽ പി.എസ്.സി വഴി നടക്കുന്ന നിയമനങ്ങൾക്കു ശേഷം മാത്രമേ താൽക്കാലിക നിയമനം നടത്താവൂ. ഏതൊക്കെ തസ്തികകളിൽ പി.എസ്.സി നിയമന ശുപാർശ നൽകിയിട്ടുണ്ട് എന്ന കാര്യം വിദ്യാഭ്യാസ ഉപഡയറക്ടർമാർ ജില്ലയിലെ ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരെയും പ്രധമാദ്ധ്യാപകരെയും അറിയിക്കേണ്ടതാണ്.

(ഡി). കെ - ടെറ്റ് യോഗ്യത നേടിയ / ഇളവ് ലഭിച്ചിട്ടുള്ള അദ്ധ്യാപകരെയാണ് ദിനവേതനാടിസ്ഥാനത്തിലും നിയമിക്കേണ്ടത്. അങ്ങനെയുള്ളവർ അപേക്ഷകരായില്ലെങ്കിൽ മാത്രമേ മറ്റുള്ളവരെ പരിഗണിക്കാവൂ.

( ഇ) . സ്കൂൾ തുറക്കുമ്പോൾ സംസ്ഥാനത്തെ സ്കൂളുകളിൽ അദ്ധ്യാപകരില്ലാത്ത അവസ്ഥയുണ്ടാകരുത്. ഇതിനായി ഒഴിവുകൾ ഉണ്ടെങ്കിൽ പ്രസ്തുത തസ്തിക 2019-20 വർഷവും തുടരുമെന്ന കാര്യം ഉറപ്പാക്കി പ്രധമാദ്ധ്യാപകർ ഉടൻ തന്നെ ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമന നടപടികൾ പൂർത്തിയാക്കേണ്ടതാണ്. ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക അധ്യാപകർ റെഗുലർ ഒഴിവിൽ തുടരുന്ന കാരണത്താൽ പ്രസ്തുത ഒഴിവ് പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യാതിരിക്കരുത്. അപ്രകാരം കൃത്യവിലോപം കാട്ടുന്ന പ്രധമാദ്ധ്യാപകരുടെ പേരിൽ അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതാണ്.

(എഫ്). 21-7-2018 ലെ ജി.ഒ ( പി )നം.112/2018/ധന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിതരാകുന്ന പ്രൈമറി സ്കൂൾ അദ്ധ്യാപകർക്ക് പ്രതിദിനം 915/- രൂപയും ( പ്രതിമാസം പരമാവധി തുക 26550/- രൂപ ), ഹൈസ്കൂൾ ടീച്ചർക്ക് പ്രതിദിനം 1050/- രൂപയും ( പ്രതിമാസം പരമാവധി തുക 30450/- രൂപ ), പാർട്ട് ടൈം ഹൈസ്കൂൾ ഭാഷാദ്ധ്യാപകർക്ക് പ്രതിദിനം 725/- രൂപയും ( പ്രതിമാസം പരമാവധി തുക 20300/- രൂപ ), പ്രൈമറി സ്കൂൾ പാർട്ട് ടൈം ഭാഷാദ്ധ്യാപകർക്ക് 700/- രൂപയും ( പ്രതിമാസം പരമാവധി തുക 18900/- രൂപ ), വേതനമായി അനുവദിക്കാവുന്നതാണ്. വേതന നിരക്കിൽ വർദ്ധനവ് വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചാൽ പുതിയ നിരക്കിൽ വേതനം നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

H.NAJEEB

JOINT SECRETARY

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി @ സ്കൂൾ , തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന്)

പ.എ. കത്ത് നമ്പർ എച്ച്2/21500/2018/(1)/ഡി.ജി.ഇ തീയതി 3-6-2019

ഉത്തരവിന്റെ പകർപ്പ് എല്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെയും പ്രധമാധ്യാപകരുടെയും അടിയന്തര തുടർനടപടികൾക്കായി അയക്കുന്നു.

സ്വീകർത്താക്കൾ

1) എല്ലാ DDE, DEO, AEO മാരും
2) എല്ലാ പ്രധമാധ്യാപകരും (വി. ഓഫീസർ മുഖാന്തരം)

ജെസ്സി ജോസഫ്

പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം

തിരുവനന്തപുരം-14